# Telephone Conversation between Prime Minister and His Majesty the King of Saudi Arabia

September 09, 2020

---

# പ്രധാനമന്ത്രിയും സൗദി അറേബ്യ ഭരണാധികാരിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

സെപ്റ്റംബർ 09, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി സൗദി അറേബ്യ ഭരണാധികാരിയായ സൽമാൻ ബിൻ അബ്ദുൽ അസീസ് അൽ സൗദുമായി എന്ന് ടെലിഫോൺ സംഭാഷണം നടത്തി കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിലുള്ള ആഗോള പ്രതിസന്ധികളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു.

സൗദി അറേബ്യ തുടർന്ന് വരുന്ന G20 യുടെ പ്രസിഡന്റ് പദത്തിലൂടെ നൽകുന്ന നേതൃത്വത്തിന് പ്രധാനമന്ത്രി അഭിനന്ദനാണ് അറിയിച്ചു. G20 യിൽ നിന്നുമാരംഭിച്ച സംരംഭങ്ങൾ പകർച്ചവ്യാധിയ്ക്കെതിരെ ഏകോപിതമായ പ്രതികരണം പ്രചരിപ്പിക്കുന്നതിൽ സഹായകമായിരുന്നു വന്നു ഇരു നേതാക്കളും അനുകൂലിച്ചു.G20 അജണ്ടയിൽ നിലവിലുള്ള പ്രധാന മുന്ഗണനകളെക്കുറിച്ചും അവർ ചർച്ച ചെയ്തു.

ഇന്ത്യയും സൗദിഅറേബ്യയും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ നിലവാരത്തിലും ഇരു നേതാക്കളും സംതൃപ്തി പ്രകടിപ്പിച്ചു കൂടാതെ എല്ലാ മേഖലകളിൽ കൂടുതൽ സഹകരണം ശക്തിപ്പെടുത്താനും തീരുമാനിച്ചു. കോവിഡ്-19 പകർച്ചവ്യാധിയോനടുബന്ധിച്ചു ഇന്ത്യൻ പ്രവാസികൾക്ക് സൗദി ഭരണകൂടം നൽകുന്ന പിന്തുണയ്ക്ക് പ്രധാനമന്ത്രി സൗദിരാജാവിനോട് പ്രത്യേകം നന്ദി രേഖപ്പെടുത്തി.

രാജാവ് സൽമാൻ ബിൻ അബ്ദുൽഅസീസ് അൽ സൗദിനും മറ്റു രാജകുടുംബാംഗങ്ങൾക്കും സൗദി അറേബ്യയിലെ ജനങ്ങൾക്കും മികച്ച ആരോഗ്യത്തിനു സ്വാസ്ഥ്യത്തിനുമായി പ്രധാനമന്ത്രി ആശംസകൾ അറിയിച്ചു.

**ന്യൂ ഡൽഹി**
**09 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.